# പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3496** — **23.06.2014 -ലെ മറുപടിക്ക്**

**കൊയിലാണ്ടി സ്വദേശിയായ യുവതി ഗുരുവായൂരിൽ നിന്നും അപ്രത്യക്ഷമായത്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ദാസൻ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഗുരുവായൂരിൽ ഒരു ആശ്രമത്തിൽ നിന്ന് കൊയിലാണ്ടി മുചുകുന്ന് സ്വദേശിയായ യുവതി അപ്രത്യക്ഷമായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) രക്ഷിതാക്കളോടൊപ്പം ആശ്രമത്തിലെത്തിയ യുവതിയുടെ തിരോധാനം സംബന്ധിച്ച് ഗുരുവായൂർ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ പോലീസ് ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) ടി സംഭവവുമായി ബന്ധപ്പെട്ട് യുവതിയുടെ പിതാവ് ശങ്കരൻ എന്നയാളുടെ പരാതി പ്രകാരം ഗുരുവായൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 801/14 u/s 57 KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (സി) സംഭവവുമായി ബന്ധപ്പെട്ട് പോലീസ് ഇതുവരെ ആരിൽ നിന്നെല്ലാം തെളിവെടുത്തു; വിശദാംശം വ്യക്തമാക്കാമോ ? | (സി) സംഭവവുമായി ബന്ധപ്പെട്ട് കോടതി നിർദ്ദേശ പ്രകാരം പ്രസ്തുത ആശ്രമം റെയ്ഡ് നടത്തുകയും, ആശ്രമ ജീവനക്കാരിൽ നിന്നും, അന്തേവാസികളിൽ നിന്നും, അയൽവാസികളിൽ നിന്നും തെളിവുകൾ ശേഖരിക്കുകയും CCTV ക്യാമറയിൽ പതിഞ്ഞ ഭാഗങ്ങൾ തെളിവിലേക്കായി എടുക്കുകയും ക്രൈം കാർഡ് തയ്യാറാക്കി മറ്റ് പോലീസ് സ്റ്റേഷനുകളിലേക്ക് അയച്ചു കൊടുത്ത് അന്വേഷണം നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ